**പതിമൂന്നാം കേരളനിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.468 — 22.07.2015 ന് മറുപടിയ്ക്ക്.

**സ്വകാര്യഭൂമിയിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എ.റ്റി.ജോർജ്ജ്<br>ശ്രീ.വർക്കല കഹാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി) |
| (എ) സ്വകാര്യഭൂമിയിൽ വൃക്ഷതൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് ധനസഹായത്തിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | **(എ)** സംസ്ഥാനത്തെ സ്വകാര്യഭൂമികളിൽ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നവർക്ക് പ്രോത്സാഹന ധനസഹായം നൽകുന്ന പദ്ധതി 2012 വർഷം മുതൽ നടപ്പിലാക്കി വരുന്നുണ്ട്. 17.2.2012-ലെ ജി.ഒ. (ആർ.റ്റി) നം.99/12/വനം, 29.09.2012-ലെ ജി.ഒ. (ആർ.റ്റി) നം.486/12/വനം എന്നിവ പ്രകാരമാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. തേക്ക്, ചന്ദനം, മഹാഗണി, ആഞ്ഞിലി, പ്ലാവ്, ഈട്ടി, കമ്പകം, കമ്പിൾ, കന്നിവാക, തേമ്പാവ് എന്നിങ്ങനെ പത്തിനം വൃക്ഷത്തൈകൾ നട്ടുപരിപാലിക്കുന്നവർക്ക് തൈകളുടെ എണ്ണം അനുസരിച്ച് മൂന്ന് തലങ്ങളിലായാണ് ധനസഹായം നൽകുന്നത്. 50 തൈകൾ മുതൽ 200 തൈകൾ വരെ തൈ ഒന്നിന് 50 രൂപ നിരക്കിലും, 201 മുതൽ 400 എണ്ണം തൈകൾക്ക് തൈ ഒന്നിന് 40/- രൂപ നിരക്കിലും, 401 മുതൽ 625 എണ്ണം തൈകൾക്ക് തൈ ഒന്നിന് 30/- രൂപ നിരക്കിലുമാണ് ധനസഹായം നൽകുന്നത്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | **(ബി)** സ്വകാര്യഭൂമിയിലെ ശോഷിച്ചു വരുന്ന ജൈവ വൈവിധ്യം സംരക്ഷിക്കുന്നതോടൊപ്പം വൃക്ഷാവരണം, തടിയുല്പാദനം എന്നിവ വർദ്ധിപ്പിക്കുകയും, സർവ്വസാധാരണമായി ഉപയോഗിക്കുന്ന തടിയിനങ്ങളിൽ സ്വയം പര്യാപ്തത കൈവരിക്കുകയും അതുവഴി ഭൂവുടമകൾക്ക് അധികവരുമാനം ലഭ്യമാക്കുന്നതിനിടയാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണിത്. നിലവിലുള്ള വിളകളുടെ വിലയിൽ ഇടയ്ക്കിടെയുണ്ടാകുന്ന വ്യതിയാനങ്ങളെ വൃക്ഷം വളർത്തൽ മുഖേന ചെറുക്കുന്നതിന് കർഷകരെ സഹായിക്കുക, വൃക്ഷം വളർത്തലിനെ മറ്റൊരു കാർഷിക വൃത്തിയാക്കുവാൻ കർഷകരെ പ്രോത്സാഹിപ്പിക്കുക, ഇതുവഴി സ്വകാര്യ |

കൈവശസ്ഥലങ്ങളെ ഹരിതാഭമാക്കുക, ജൈവ വൈവിധ്യം പരിപോഷിപ്പിക്കുക, ആവാസ വ്യവസ്ഥാ സേവനങ്ങൾ വർദ്ധിച്ച അളവിൽ ജനങ്ങൾക്ക് ലഭ്യമാക്കുക എന്നിവ കൂടാതെ, ആഗോള-താപനത്തേയും, കാലാവസ്ഥാ വ്യതിയാനത്തേയും ചെറുത്ത് അതിന്റെ ദൂഷ്യഫലങ്ങൾ ലഘൂകരിക്കുകയെന്നതും ഈ പദ്ധതി മുഖേന ലക്ഷ്യമിടുന്നുണ്ട്.

(സി) പദ്ധതി അനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം?

**(സി)യും(ഡി)യും** - 2012 വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. എല്ലാ വർഷവും ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിൽ മാധ്യമങ്ങളിൽ പരസ്യം പ്രസിദ്ധീകരിച്ച് എല്ലാ ജില്ലകളിലും അപേക്ഷകൾ ക്ഷണിക്കുകയും, ബന്ധപ്പെട്ട സോഷ്യൽ ഫോറസ്ട്രി വിഭാഗം റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ നിശ്ചിത പ്രൊഫോർമയിൽ അപേക്ഷകൾ സ്വീകരിച്ച്, ആയതിന്മേൽ സെക്ഷൻ ഫോറസ്റ്റ് ഓഫീസർ സ്ഥലപരിശോധന നടത്തി പരിശോധനാ റിപ്പോർട്ടും, അപേക്ഷയും ജനപ്രതിധികളുൾപ്പെടുന്ന പഞ്ചായത്ത് ലെവൽ കമ്മിറ്റിയുടെ വിലയിരുത്തലിനുശേഷം ശുപാർശകളോടെ ജില്ലാതല കമ്മിറ്റിക്ക് നൽകുകയും, സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ കൺവീനറായുള്ള ജില്ലാതല കമ്മിറ്റി ആയവ പരിഗണിച്ച് ധനസഹായം തീരുമാനിച്ച്, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അക്കൗണ്ട്പേയീ ചെക്കായി അപേക്ഷകന് തുക നൽകുകയും ചെയ്യുന്നു. 2012 മുതൽ വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | തെരഞ്ഞെടുത്ത അപേക്ഷകൾ (എണ്ണം) | വിതരണം ചെയ്ത തുക |
|---|---|---|
| 2012-13 | 323 | 13,30,980/- രൂപ |
| 2013-14 | 238 | 8,47,493/- രൂപ |
| 2014-15 | 446 | 10,85,635/- രൂപ |

സെക്ഷൻ ഓഫീസർ